**▪ അനുസ്മരണം ▪**

## കെ. കുഞ്ഞഹമ്മദ്

ഹാജിസാഹിബിന്റെ കാലം മുതൽ കുമരനല്ലൂർ, പടിഞ്ഞാറങ്ങാടി പ്രദേശങ്ങളിൽ പ്രസ്ഥാനപ്രവർത്തനങ്ങളിൽ വ്യാപൃതനായ കെ. കുഞ്ഞഹമ്മദ് സാഹിബ് (78) ഈ ലോകത്തോട് വിടപറ *...ില്ലാഹി വഇന്നാ ഇലൈ...*



ജമാഅത്തെ ഇസ്‌ലാമി പാലക്കാട് ജില്ലാ പ്രസിഡന്റ് വി. മൂസ മൗലവി അടക്കമുള്ള പലരെയും ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരാൻ ജമാഅത്തെ ഇസ്‌ലാമി അംഗമായിരുന്ന ഇദ്ദേഹത്തിന്റെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്.

ബീഡിത്തൊഴിലാളിയും മദ്റസാ അധ്യാപകനുമായി ജോലി ചെയ്തിരുന്ന കാലത്ത് സഹപ്രവർത്തകനായ എൻ.വി അബ്ദുൽ ഖാദിർ സാഹിബുമൊത്ത് കുമരനല്ലൂർ മുത്തഫിഖ് ഹൽഖ രൂപീകരിച്ചു. ആകർഷകമായി ഖുർആൻ പാരായണം ചെയ്യുമായിരുന്നു. കോൽക്കളിയിലും മാപ്പിളപ്പാട്ടിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

ആദ്യകാലത്ത് യാഥാസ്ഥിതികരിൽനിന്നുള്ള ശല്യപ്പെടുത്തലുകളെ പക്വതയോടെ നേരിട്ടു. അതുകൊണ്ട് ആദർശശത്രുക്കൾ പോലും ഇദ്ദേഹത്തോട് വ്യക്തിപരമായി സ്നേഹബന്ധം പുലർത്തി. ആദ്യകാലത്ത് താജുദ്ദീൻ സാഹിബുമായുള്ള സഹവാസം പ്രവർത്തനങ്ങൾക്ക് പ്രചോദനമായി. അല്ലാഹു അദ്ദേഹത്തെ മർഹമത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.

**കെ. ജമാലുദ്ദീൻ, പടിഞ്ഞാറങ്ങാടി**

## പി. മുഹമ്മദ് ഹാരിസ്

ജമാഅത്തെ ഇസ്‌ലാമി കണ്ണൂർ ടൗൺ കാർകുൻ ഹൽഖാ മുൻ സെക്രട്ടറി പി. മുഹമ്മദ് ഹാരിസ് വിട പറഞ്ഞു - *ഇന്നാലില്ലാഹി ... വഇന്നാ ഇലൈഹി റാജി...ഊൻ.*



ജീവിതം പ്രസ്ഥാന...തിനു വിട്ടുകൊടുത്ത ...വർത്തകനായിരുന്നു. ..., *ബോധനം, ആരാമം, മലർവാടി, മാധ്യമം* പോലുള്ള പ്രസിദ്ധീകരണങ്ങൾക്ക് വരി ചേർക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നു. വരി ചേർത്തതിനുശേഷം വരി ചേർത്തവരെ കണ്ട് പ്രസിദ്ധീകരണങ്ങൾ കൃത്യമായി കിട്ടാറുണ്ടോ എന്ന് അന്വേഷിക്കുമായിരുന്നു.

ഫാർമസി ബിസിനസ്സിലായിരുന്നു കുറേ വർഷം. ഈ മേഖലയിൽ വലിയൊരു സുഹൃദ്‌വലയം ഉണ്ടാക്കിയെടുത്ത അദ്ദേഹം അവർക്ക് പ്രസ്ഥാന സന്ദേശം എത്തിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ജമാഅത്തിനു ജില്ലാ ഓഫീസോ മറ്റു സംവിധാനങ്ങളോ ഇല്ലാതിരുന്ന 1975-'80 കാലങ്ങളിൽ അദ്ദേഹവും സി.പി മുഹമ്മദ് കുഞ്ഞി ഹാജിയും എം.എം ഹംസ സാഹിബും ചേർന്ന് നടത്തിവന്നിരുന്ന കണ്ണൂർ റെയിൽവേ സ്റ്റേഷനു മുന്നിലുള്ള സി.പി ഫ്രൂട്ട്സ് സ്റ്റാളായിരുന്നു പ്രസ്ഥാന കേന്ദ്രം. *പ്രബോധന*ത്തിന്റെ കണ്ണൂർ ഏരിയയിലെ മുഴുവൻ കെട്ടും റെയിൽവേ പാർസൽ വഴി വന്നാൽ ഇവിടെയാണ് വാങ്ങിവെക്കുക. ഇവിടെ നിന്നും പല ഭാഗത്തേക്കും ഇവർ എത്തിക്കും. തൊട്ടടുത്ത സുബൈദാ സ്റ്റോർ ഉടമ കുഞ്ഞീക്ക എന്നറിയപ്പെടുന്ന മർഹൂം മുഹമ്മദ് കുഞ്ഞി സാഹിബായിരുന്നു അന്ന് പ്രാദേശിക അമീർ. ഇവർ നാലു പേരും ചേർന്നതായിരുന്നു അന്നത്തെ ജമാഅത്ത്.

ജീവിതവിശുദ്ധി, ഇബാദത്തുകളിലെ കണിശത, സൽസ്വഭാവം, പുഞ്ചിരിക്കുന്ന മുഖഭാവം, കുട്ടികളോടുള്ള സ്നേഹം, വൃദ്ധരോടുള്ള ആദരവ് എന്നീ ഗുണങ്ങൾ എടുത്തുപറയേണ്ടതാണ്. വാക്കിലും പ്രവർത്തനത്തിലും എല്ലാം പ്രസ്ഥാനം മാത്രം! ആരെ കണ്ടാലും പ്രസ്ഥാനത്തെ പരിചയപ്പെടുത്തലും പരിപാടികൾ അറിയിക്കലും! ജീവിതം പ്രസ്ഥാനത്തിനായി ഉഴിഞ്ഞുവെച്ച പ്രവർത്തകരിൽ ഒരാളായിരുന്നു അദ്ദേഹം. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ - ആമീൻ.

**അഡ്വ. കെ.എൽ അബ്ദുസ്സലാം, കണ്ണൂർ**

## മുഹമ്മദ് സഫീർ

മലർവാടി ബാലസംഘം സജീവാംഗവും കോഴിക്കോട് പേരാമ്പ്ര ഏരിയയിലെ പന്തിരിക്കര അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ വിദ്യാർഥിയുമായിരുന്ന മുഹമ്മദ് സഫീർ(11) മെയ് 13-ന് അല്ലാഹുവിങ്കലേക്ക് യാത്രയായി - *ഇന്നാ ഇലൈഹി റാജിഊൻ.*



ഐഡിയൽ പബ്ലിക് സ്കൂളിൽ 6-ാം തരത്തിൽ പഠിക്കുന്ന സഫീർ പഠന-പാഠ്യേതര മേഖലകളിൽ ഏറെ മികവു പുലർത്തിയിരുന്നു. കോഴിക്കോട് മലർവാടി ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും സമ്മേളനത്തിന് ഒരാഴ്ച മുമ്പാണ് രക്താർബുദമാണെന്ന് തിരിച്ചറിഞ്ഞത്.

പിതാവ് സ്റ്റാർ ഡക്കറേഷൻസ് ഉടമ ബശീറിനും ഉമ്മ സ്വഫിയ്യ, സഹോദരങ്ങളായ സഫ്ന (ഐഡിയൽ പബ്ലിക് സ്കൂൾ, കുറ്റ്യാടി), മുഹമ്മദ് ഷാനിഫ് തുടങ്ങിയവർക്കും അല്ലാഹു ക്ഷമയും സ്ഥൈര്യവും നൽകി അനുഗ്രഹിക്കട്ടെ - ആമീൻ.

**പി.കെ ഇബ്റാഹീം, പന്തിരിക്കര**